# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8/1784/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

തീയ്യതി: 21/03/2023

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8/1784/2022 തീയ്യതി: 21/03/2023

## കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-11-2021 മുതൽ 22-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 08-11-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജിലൻ. എം.സി | ഡെപ്യൂട്ടി ഡയറക്ടർ | 23-12-2022 | 31-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-12-2022 | 31-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ.എം, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ഉഷ. എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ശ്രീജ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഗോകുൽ.ഡി.കെ ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. നസീമ ചാമാളിയതിൽ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. മുസ്തഫ. ടി.പി | സെക്രട്ടറി | 01-04-2021 | 31-01-2022 |
| ശ്രീ.ഉണ്ണികൃഷ്ണൻ ടി.എം. | സെക്രട്ടറി | 01-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. രമ്യ കൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 15-07-2021 |
| ശ്രീ. ദിലീഷ്. കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 16-07-2021 | 24-11-2021 |
| ശ്രീമതി. റമീന മുസ്തഫ | അസിസ്റ്റന്റ് എഞ്ചിനീയർ | 25-11-2021 | 31-03-2022 |
| ശ്രീമതി. സക്കീന. സി.പി | കൃഷി ഓഫീസർ | 01-04-2021 | 25-10-2021 |
| ശ്രീമതി. അമിത കെ ജോർജ് | കൃഷി ഓഫീസർ | 26-10-2021 | 17-12-2021 |
| ശ്രീ. സ്വരൂപ്. പി.എസ് | കൃഷി ഓഫീസർ | 18-12-2021 | 31-03-2022 |
| ശ്രീമതി. വിനയ ഭാസ്കരൻ | വി.ഇ.ഒ, തൃപ്രങ്ങോട്ടൂർ സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീ. അബ്ദുൾ നാസർ | വി.ഇ.ഒ, പൊയിലൂർ സർക്കിൾ | 01-04-2021 | 31-03-2022 |
| ഡോ. ആനന്ദവല്ലി | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. ദീപ.പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 11-07-2021 |
| ഡോ. ടീന ക്ലീറ്റസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 12-07-2021 | 09-09-2021 |
| ഡോ. ദീപ.പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 10-09-2021 | 31-03-2022 |
| ഡോ. എസ്. മോഹൻ | വെറ്ററിനറി സർജൻ | 01-04-2021 | 25-04-2021 |
| ഡോ. ജോഷി ജോർജ് | വെറ്ററിനറി സർജൻ | 26-04-2021 | 31-03-2022 |
| ശ്രീമതി. സുമതി. കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 30-04-2021 |
| ശ്രീമതി. പ്രജിന. കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-05-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഡോ. സന്തോഷ് കുമാർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി. ബീന.എം.കെ | ഹെഡ് മിസ്ട്രസ് | 01-04-2021 | 30-11-2021 |
| ശ്രീ.സുധീർ കുമാർ. കെ | ഹെഡ് മാസ്റ്റർ | 01-12-2021 | 31-03-2022 |
| ശ്രീ. മോഹനൻ. എം.എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 29-04-2021 |
| ശ്രീ. സിജു അൽഫോൺസ്,ഹെഡ് ക്ലർക്ക് | അസിസ്റ്റന്റ് സെക്രട്ടറി ,ചാർജ് | 30-04-2021 | 21-07-2021 |
| ശ്രീ. രവി.എം | അസിസ്റ്റന്റ് സെക്രട്ടറി | 22-07-2021 | 31-03-2022 |
| ശ്രീ.ജയൻ എം.വി. | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.റിജുൽ രാജ് | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക -അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | ഗ്രാമസഭ | 1-10 |
| 12 | FTE&O ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ തൊഴിലാളികൾക്കുള്ള തൊഴിൽ നികുതി അടവാക്കിയില്ല | 1-11 |
| 13 | ഇ-ടെണ്ടർ ഫീസ്- തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-12 |
| 14 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ് | 1-13 |
| 15 | റദ്ദാക്കിയ രസീത് പ്രകാരം വരവ് ചേർത്തു | 1-14 |
| 16 | ബഹുനില വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി-തറ നിർമിതിയുടെ അടിസ്ഥാനത്തിൽ ഉള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല, ഫോം 6 വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തിയത് മൂലം നികുതി ശോഷണം | 1-15 |
| 17 | എസ് ടി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം- സബ്സിഡി ഇനത്തിൽ അധികം നൽകിയ ₹6000 നിരാകരിക്കുന്നു. | 1-16 |
| 18 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ,പ്രിന്റർ, ഹൈസ്പീഡ് സ്കാനർ വാങ്ങൽ- രേഖകളുടെ അഭാവത്തിൽ ₹135808 തടസ്സപ്പെടുത്തുന്നു. | 1-17 |
| 19 | ഐ.കെ.എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-18 |
| 20 | പി.എച്ച്.സി -മരുന്ന് വാങ്ങൽ ₹86049 രൂപയുടെ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല. | 1-19 |
| 21 | 2017-18 ൽ ഡെപ്പോസിറ്റ് വർക്കുകൾക്ക് മുൻകൂർ നൽകിയത് -നീക്കിയിരിപ്പുള്ള ₹ 7,46,006 കെ.എസ്.ഇ.ബി യിൽ നിന്നും തിരികെ ഈടാക്കാക്കിയിട്ടില്ല. | 1-20 |

| | | |
|---|---|---|
| 22 | സാന്ത്വന പരിചരണം-മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. | 1-21 |
| 23 | ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല | 1-22 |
| 24 | തുക മുൻകൂറായി ഒടുക്കിയിട്ടും ലേസർ പ്രിന്റർ ലഭ്യമായിട്ടില്ല | 1-23 |
| 25 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-24 |
| 26 | മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ -കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല. | 1-25 |
| 27 | പ്രേരക്ക്മാർക്ക് നൽകിയ ഓണറേറിയം- സാക്ഷരതമിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല | 1-26 |
| 28 | പട്ടികജാതി വനിതകൾക്ക് ഇരുചക്ര വാഹനം-മാർഗ്ഗരേഖയിലെ വ്യവസ്ഥ പാലിച്ചിട്ടില്ല. | 1-27 |
| 29 | തെരുവ് വിളക്കിന് AMCവെക്കൽ- അപാകങ്ങൾ | 1-28 |
| 30 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല | 1-29 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | എസ് ടി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം- സബ്സിഡി ഇനത്തിൽ അധികം നൽകിയ ₹6000 നിരാകരിക്കുന്നു. | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |

| | |
|---|---|
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 19-02-2021 തീയതിയിലെ 36/2021 നമ്പർ തീരുമാന പ്രകാര അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 40766334 |
| വരവ് | 197220800 |
| ആകെ | 237987134 |
| ചെലവ് | 190600280 |
| നീക്കിയിരിപ്പ് | 47386854 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2022 | 14-05-2022 | തിരിച്ചയച്ചിട്ടില്ല | -- |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.05.2022-ലെ 1/137/2022 നമ്പർ തീരുമാന പ്രകാരമാണ് വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചത്

### 1-2-1 വാർഷിക ധനകാര്യ പത്രിക -അപാകങ്ങൾ

2021-22 വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. KURDFC ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സുലേഖ ചെലവ് പത്രിക പ്രകാരം 2903928 രൂപ ലോൺ തിരിച്ചടവുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ 1392528 രൂപയാണ് തിരിച്ചടവായി രേഖപ്പെടുത്തിയിട്ടുള്ളത്. പ്രോജക്ട് നമ്പർ 233/22 പ്രകാരം തിരിച്ചടച്ച 1511400 രൂപ വാർഷിക ധനകാര്യ പത്രികയിൽ ലോൺ തിരിച്ചടച്ചവായി ഉൾപ്പെടുത്തിയിട്ടില്ല.

2. SBI-E Payment അക്കൗണ്ട്-ബാങ്ക് ബുക്ക് പ്രകാരമുള്ള തുകയല്ല റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വ്യത്യാസം വ്യക്തമാക്കേണ്ടതാണ്.

| യഥാർത്ഥ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ ബാങ്ക് ബുക്ക് ബാലൻസ് |
|---|---|
| 1035889 | 1040929 |

3. വാർഷികകണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms ഇനത്തിൽ ₹112202 വരവുണ്ട്. Tender Forms Saleരജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ രേഖപ്പെടുത്തിയ തുക കാലികമാക്കിയിട്ടില്ല.

5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6. B9 ഷെഡ്യൂളിൽ അദർ ലയബിലിറ്റി എന്ന ഹെഡിൽ ചേർത്ത 10708 രൂപ ഏതിനത്തിലുള്ളതാണെന്ന് വ്യക്തമല്ല

7. B9 ഷെഡ്യൂളിൽ Refund Of Unutilised Grant Of Prior Period ഇനത്തിൽ 69379 രൂപ ബാധ്യതയായി രേഖപ്പെടുത്തി കാണുന്നു.മുൻ വർഷങ്ങളിലും ഇതേ തുക ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്.തുക സർക്കാർ ഫണ്ടിലേക്ക് അടവാക്കാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

8. B18 ഷെഡ്യൂളിൽ Advance To Other Authorized Agencies ഹെഡിൽ 2019-20 വർഷം മുതൽ 14340 രൂപ രേഖപ്പെടുത്തി കാണുന്നുണ്ട്. പ്രസ്തുത തുക ഏത് ഏജൻസിക്ക് നൽകിയതാണെന്നും തുക ക്രമീകരിക്കാത്തതിന്റെ കാരണവും വ്യക്തമാക്കിയിട്ടില്ല.

9. B18 ഷെഡ്യൂളിൽ Advance To Implementing Officer ഹെഡിൽ മുൻ വർഷം രേഖപ്പെടുത്തിയ തുകയായ 428145 രൂപ തന്നെയാണ് ഈ വർഷവും രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത തുക ഏത് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയതാണെന്നും തുക ക്രമീകരിക്കാത്തതിന്റെ കാരണവും വ്യക്തമല്ല.

10. CFC ഗ്രാന്റ് -B4 Schedule പ്രകാരമുള്ള തുക (₹5306362) B17 Schedule പ്രകാരമുള്ള തുകയുമായി (₹5381959) പൊരുത്തപ്പെടുന്നില്ല.

11. എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് ഫീസ് ഡിമാന്റ് - രജിസ്റ്റർ പ്രകാരമുള്ള തുക (₹209900) വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകയുമായി (₹279900) പൊരുത്തപ്പെടുന്നില്ല.

12 .B-9 ഷെഡ്യൂളിൽ Stale ചെക്കിനത്തിൽ ബാധ്യതയായി കാണിച്ച 26694രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

13. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 62എഫ് ൽ നിർദ്ദേശിച്ച പ്രകാരം വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

14. B4ഷെഡ്യൂളിൽ ഗുണഭോക്തൃവിഹിതമിനത്തിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ 567078 രൂപയുടേയും ബ്ലോക്ക്,ജില്ല പഞ്ചായത്ത് വിഹിതമായി രേഖപ്പെടുത്തിയ ₹767601, ₹79575 എന്നീ തുകകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

15.B-9 ബാധ്യത ഹെഡിൽ സർക്കാരിലേക്ക് ഒടുക്കാനുള്ള Value Added Tax ഇനത്തിൽ കോഡ് നമ്പർ 350300103 ൽ 1823രൂപ നീക്കിയിരിപ്പുണ്ട്. നികുതി സമയബന്ധിതമായി ഒടുക്കാതെ ഇപ്രകാരം നീക്കിയിരിപ്പ് ബാധ്യതയായി രേഖപ്പെടുത്താനുള്ള കാരണം വ്യക്തമല്ല.

16. ബിൽഡിങ്ങ് ഫീസ് ഡിമാന്റ് - രജിസ്റ്റർ പ്രകാരമുള്ള തുക (₹341604) വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകയുമായി (₹344981) പൊരുത്തപ്പെടുന്നില്ല.

17 റഗുലറൈസേഷൻ ഫീസ് റജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി ഒപ്പു സാക്ഷ്യപ്പെടുത്തിയിട്ടില്ല

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15346586 |
| വരവ് | 93691615 |
| ആകെ | 109038201 |
| ചെലവ് | 88975844 |
| നീക്കിയിരിപ്പ് | 20062357 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | 6000 |
| തടസ്സപ്പെടുത്തിയ തുക | 135808 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ്/ നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 20739376 | 20739376 | 20093343 | 646033 |
| വികസന ഫണ്ട് എസ്.സി.പി | 0 | 1108500 | 1108500 | 999000 | 109500 |
| വികസന ഫണ്ട് ടിഎസ് പി | 0 | 516692 | 516692 | 512000 | 4692 |
| മെയിന്റനൻസ് | 0 | 11978920 | 11978920 | 6111843 | 5867077 |

| | | | | | |
|---|---|---|---|---|---|
| റോഡ് | | | | | |
| മെയിന്റനൻസ് നോൺ റോഡ് | 0 | 7221725 | 7221725 | 3122079 | 4099646 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 11049429 | 11049429 | 2527796 | 8521633 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – Basic | 0 | 3742000+65376(പലിശ) | 3807376 | 3329515 | 412485+65376(പലിശ) |
| കേന്ദ്രാവിഷ്കൃത വിഹിതം | | | | | |
| ശുചിത്വ മിഷൻ ഫണ്ട് | 1825754 | 220195 | 2045949 | 1072160 | 973789 |
| അംഗൻവാടി പോഷകാഹാരം | 625746 | 1074619 | 1700365 | 1622984 | 77381 |
| നിർമ്മൽ പുരസ്കാർ | 156850 | 0 | 156850 | 0 | 156850 |
| സ്വച്ഛ് ഭാരത് മിഷൻ അഭിയാൻ | 0 | 12006 | 12006 | 12006 | 0 |
| എം ജി എൻ ആർ ഇ ജി എസ് | 2159 | 39094973 | 39097132 | 39093228 | 3904 |
| TSC Fund | 1301053 | 0 | 1301053 | 0 | 1301053 |
| സംസ്ഥാന സർക്കാർ വിഹിതം | | | | | |
| സാക്ഷരത | 7449 | 217 | 7666 | 0 | 7666 |
| വിമുക്തി,ആശ്രയ | 40920 | 0 | 40920 | 0 | 40920 |
| ഖരമാലിന്യ സംസ്കരണം | 2700 | 0 | 2700 | 0 | 2700 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ | 61000 | 0 | 61000 | 47583 | 13417 |
| ലൈഫ് മിഷൻ ഫണ്ട് | 0 | 289293 | 289293 | 280000 | 9293 |
| കേരളോത്സവം | 40000 | 0 | 40000 | 0 | 40000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 200 | 71478495 | 162 | 46334088 | 17 | 38 | 72.5 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 12 | 2860220 | 2860130 | 99.99 |
| വെറ്ററിനറി സർജ്ജൻ | 8 | 8 | 3884980 | 2995476 | 77.10 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്. സി | 11 | 7 | 4810140 | 2356817 | 49 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 3 | 3 | 260000 | 258255 | 99.33 |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | 1 | 1 | 600000 | 600000 | 100 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 2 | 507000 | 133261 | 26.29 |
| വി.ഇ.ഒ, പൊയിലൂർ സർക്കിൾ | 10 | 8 | 2966800 | 1676030 | 56.49 |
| വി.ഇ.ഒ, തൃപ്രങ്ങോട്ടൂർ സർക്കിൾ | 9 | 8 | 8650000 | 3665000 | 42.37 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4 | 6497990 | 6229786 | 95.7 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1524000 | 805000 | 52.62 |
| സെക്രട്ടറി | 33 | 24 | 9720581 | 7211294 | 74.19 |
| ഹെഡ് മാസ്റ്റർ | 4 | 3 | 295000 | 147400 | 50 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 91 | 72 | 27614724 | 16708129 | 60.50 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 8 | 1287060 | 687510 | 53.42 |
| ആകെ | 200 | 162 | 71478495 | 46334088 | 64.82 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | 0 | 38317106 | 38317106 | 38317106 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2159 | 777867 | 780026 | 776122 | 3904 |
| ആകെ | 2159 | 39094973 | 39097132 | 39093228 | 3904 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2413200 | 154 |
| വിധവാപെൻഷൻ | 19946800 | 1321 |
| വാർദ്ധക്യകാലപെൻഷൻ | 36785800 | 2781 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 6094700 | 411 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1949400 | 126 |
| വിവാഹ ധനസഹായം | 270000 | 9 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-12-2022 തീയതിയിൽ 11.35 AM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 574 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. ഓഫീസ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ പുരോഗതിയും വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമസഭ

കോവിഡ് രോഗ വ്യാപനമുള്ളതിനാൽ ഗ്രാമ പഞ്ചായത്തിലെ 18 വാർഡുകളിലും 2021-22 വർഷം ഒരു തവണ മാത്രമാണ് ഗ്രാമസഭ യോഗം ചേർന്നത്. 2022 ജനവരി മാസത്തിലാണ് ഗ്രാമസഭാ യോഗം ചേർന്നത്. പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണം, 2022-23 വാർഷിക പദ്ധതി-പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗം ഉപപദ്ധതി എന്നിവ തയ്യാറാക്കൽ, 2021-22 വാർഷിക പദ്ധതി ഗുണഭോക്താക്കളുടെ മുൻഗണന പട്ടിക അംഗീകരിക്കൽ, അതിദരിദ്രരുടെ പട്ടിക അംഗീകരിക്കൽ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2022-23 ആക്ഷൻ പ്ലാൻ, ലേബർ ബജറ്റ് എന്നിവ അംഗീകരിക്കൽ എന്നിവയായിരുന്നു ഗ്രാമസഭകളിലെ പ്രധാന അജണ്ട.

## 1-11 FTE&O ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ തൊഴിലാളികൾക്കുള്ള തൊഴിൽ നികുതി അടവാക്കിയില്ല

2021-22 സാമ്പത്തിക വർഷത്തിലെ FTE&OS ലൈസൻസ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ FTE&OS ലൈസൻസ് നേടിയ ചുവടെ പറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി ഗ്രാമ പഞ്ചായത്തിൽ അടവാക്കിയിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | ഉടമയുടെ പേര് | സ്ഥാപനം/കെട്ടിട നമ്പർ | ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | അനഘ മീത്തലെ കൊല്ലന്റെ വിട തുവ്വക്കുന്ന് | സെൽഫി ടൈം (I/344) | 2 |
| 2 | കുഞ്ഞിക്കണ്ണൻ.വി.പി സുബിന നിവാസ് പുത്തൻ പുരയിൽ പൊയിലൂർ | പിവികെ ഫ്ലോർ മിൽ (IV/91B) | 2 |
| 3 | അബ്ദുൾ അസീസ് മീത്തലെ പെരിയാണ്ടിയിൽ | ഒലീവ് കാറ്ററിംഗ് (X/40A,40B) | 4 |

| | | | |
|---|---|---|---|
| | കൊളവല്ലൂർ | | |
| 4 | നിതിൻ കെ കുടത്താൻകുന്നമ്മൽ കല്ലിക്കണ്ടി | അമാന കാർ കെയർ സെന്റർ (X/298A) | 4 |

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സമർപ്പിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.8/27.12.2022) ന് മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുവാൻ നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും സ്ഥാപനങ്ങൾ തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുകയോ തൊഴിൽ നികുതി അടവാക്കുകയോ ചെയ്തിട്ടില്ല എന്നുള്ള മറുപടിയാണ് ലഭിച്ചത്. ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവയിൽ അനുശാസിക്കുന്നുണ്ട്. ഇതുപ്രകാരം ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസരിച്ചുള്ള തൊഴിൽനികുതി ഈടാക്കേണ്ടതാണ്. ആയതിനാൽ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം തൊഴിൽനികുതിയുടെ പരിധിയിൽ വരുന്നതാണെങ്കിൽ പ്രസ്തുത ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

## 1-12 ഇ-ടെണ്ടർ ഫീസ്- തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫീസിനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമായിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ കണക്ക് പ്രകാരം 2020-21 വർഷം വരെ 116824 രൂപ ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വർഷം | ടെണ്ടർ ഫീസിനത്തിൽ ലഭിക്കാനുള്ള തുക |
|---|---|---|
| 1 | 2015-16 | 24080 |
| 2 | 2016-17 | 10650 |
| 3 | 2018-19 | 28650 |
| 4 | 2019-20 | 27442 |
| 3 | 2020-21 | 26002 |
| | ആകെ | 116824 |

ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്

2021-22 സാമ്പത്തിക വർഷത്തിലെ എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് രജിസ്റ്റർ,ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധിച്ചപ്പോൾ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് എടുത്ത/പുതുക്കിയ നിരവധി സ്ഥാപനങ്ങളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ചില

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ഉടമയുടെ പേര് | സ്ഥാപനം | കെട്ടിട നമ്പർ |
|---|---|---|---|
| 1 | ചന്ദ്രൻ.പി<br>മീത്തലെ തായാട്ടുകുട്ടത്തിൽ<br>പൊയിലൂർ | ശ്രീഹരി സ്റ്റോഴ്സ് | I/478,479,480 |
| 2 | അനഘ<br>മീത്തലെ കൊല്ലന്റെ വിട<br>തുവ്വക്കുന്ന് | സെൽഫി ടൈം | I/344 |
| 3 | മഠത്തിൽ നാരായണൻ | NM STORES | I/491,492 |
| 4 | സന്തോഷ്.പി കല്ലുള്ള പറമ്പത്ത്<br>പൊയിലൂർ | ഫാമിലി ഹോം നീഡ്സ് | I/480A |
| 5 | ഗോവിന്ദൻ.വി.പി<br>വലിയ പറമ്പത്ത്<br>പൊയിലൂർ | ഗോകുൽ സ്റ്റോഴ്സ് (അനാദി) | II/135 |
| 6 | ജോസ്മി.കെ.സി<br>കാലപറമ്പിൽ<br>നരിക്കോട് മല | കുളിർമ | II/445C |
| 7 | പുഷ്പാകരൻ.എം<br>മേപ്പാട്<br>പൊയിലൂർ | VKG STORES പൊയിലൂർ | III/91 |
| 8 | കുഞ്ഞിക്കണ്ണൻ.വി.പി<br>സുബിന നിവാസ്<br>പുത്തൻ പുരയിൽ<br>പൊയിലൂർ | പിവികെ ഫ്ലോർ മിൽ | IV/91B |
| 9 | കുഴിയുള്ള തരശ്ശിയിൽ സദാനന്ദൻ<br>പൊയിലൂർ | സുമയ്യ ചിക്കൻ സ്റ്റാൾ | IV/258,259 |
| 10 | കുഞ്ഞിക്കണ്ണൻ ചീളിൽ<br>പൊയിലൂർ | കുഞ്ഞിക്കണ്ണൻ സ്റ്റോഴ്സ് | III/181 |
| 11 | രഞ്ജിത് ആതാളത്തിൽ<br>താനക്കോട്ടൂർ<br>പാറക്കടവ് | രജി സ്റ്റോഴ്സ് സ്റ്റേഷനറി | V/253A,254B |
| 12 | മനോഹരൻ.എം.വി<br>പത്മശ്രീ<br>പൊയിലൂർ | എം.പി സ്റ്റോഴ്സ് പൊയിലൂർ | V/36 |
| 13 | കുരിടിയത്താന്റെവിട മനോജ് കുമാർ<br>പൊയിലൂർ | സൗഭാഗ്യ ബേക്കറി | V/34 |
| 14 | അബ്ദുൾ അസീസ്<br>മീത്തലെ പെരിയാണ്ടിയിൽ<br>കൊളവല്ലൂർ | ഒലീവ് കാറ്ററിംഗ് | X/40A,40B |
| 15 | നിതിൻ കെ<br>കടത്താൻകുന്നുമ്മൽ<br>കല്ലിക്കണ്ടി | അമാന കാര് കെയർ സെന്റർ | X/298A |
| 16 | സുജിത് എസ്.ആർ<br>സുജിത് നിവാസ്<br>കോടിയേരി | പ്രിൻസ് ഫാർമസി | X/95 |

ഇതോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.6/27.12.2022) ന് മേൽ പരാമർശിച്ചിരിക്കുന്ന അപാകതകൾ പരിഹരിച്ച് കൊണ്ട് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുന്നതാണ് എന്ന മറുപടി ലഭിച്ചിട്ടുണ്ട്. നിലവിൽ ഗ്രാമ പഞ്ചായത്തിലെ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് ഫീ,

തൊഴിൽ നികുതി എന്നീ നികതി ഇനങ്ങളിൽ വരുമാന ചോർച്ച സംഭവിക്കാൻ സാധ്യത വളരെ കൂടുതലാണ്. ആയതിനാൽ സാമ്പത്തിക വർഷാരംഭത്തിന് മുന്നോടിയായി FTE&OS ലൈസൻസിന്റെ ഡിമാന്റ് തിട്ടപ്പെടുത്തുന്നതിലേക്കായി ഗ്രാമ പഞ്ചായത്തിലുള്ള മുഴവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ്തയ്യാറാക്കേണ്ടതും ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ് .

## 1-14 റദ്ദാക്കിയ രസീത് പ്രകാരം വരവ് ചേർത്തു

സാംഖ്യ സോഫ്റ്റ് വെയറിലെ ക്യാൻസൽ ചെയ്ത രസീതിയുടെ ലിസ്റ്റ്, 2021-22 വർഷത്തെ ഡേ ബുക്ക് എന്നിവ പ്രകാരം താഴെ പറയുന്ന രസീത് റദ്ദാക്കിയിട്ടുണ്ടെങ്കിലും തുക സഞ്ചയ സോഫ്റ്റ്‌വെയറിൽ വസ്തു നികുതിയിനത്തിൽ വരവ് വെച്ചിട്ടുണ്ട്.

| ക്രമ നം | റദ്ദാക്കിയ രസീത് നം/തീയതി | കെട്ടിട നം | കെട്ടിട ഉടമസ്ഥൻ | സഞ്ചയയിൽ വരവ് രേഖപ്പെടുത്തിയ നികുതി |
|---|---|---|---|---|
| 1 | 121010100618/02.07.2021 | VI/79 | കണ്ടൻ ചാലിൽ കൃഷ്ണൻ | 624 |
| 2 | 121010100648/05.07.2021 | I/261 | പറമ്പഞ്ചേരി കുട്ടായി മുകുന്ദൻ | 307 |
| 3 | 121010102338/25.10.2021 | XVIII/109 | പുല്ലാറ്റുമ്മൽ താമസിക്കും ചന്ദ്രോത്ത് ഗംഗാധരൻ | 101 (കാൻസെൽഡ് റെസിപ്റ്റ് ലിസ്റ്റിൽ രേഖപ്പെടുത്തിയ തുക 111/- എന്നാണ്) |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/30.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. റദ്ദാക്കിയ രസീത് പ്രകാരം സഞ്ചയയിൽ വരവ് ചേർത്തിട്ടുള്ളതിനാൽ തുക നഷ്ടമായിട്ടുണ്ട്. ആയത് പരിശോധിച്ച് നഷ്ടത്തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതും ക്യാൻസൽ ചെയ്ത രസീതി എപ്രകാരമാണ് സഞ്ചയയിൽ വരവ് വെച്ചതെന്ന് വിശദീകരിക്കേണ്ടതുമാണ്, ക്രമ നമ്പർ 3 പ്രകാരം സാംഖ്യാ കാൻസെൽഡ് റെസിപ്റ്റിൽ രേഖപ്പെടുത്തിയ തുകയും സഞ്ചയയിൽ വരവ് രേഖപ്പെടുത്തിയ തുകയും തമ്മിലുള്ള വ്യത്യാസത്തിന് കാരണം കണ്ടെത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ക്യാൻസൽഡ് റസിറ്റുകൾ പ്രകാരമുള്ള വരവുകൾ ഇപ്രകാരം വസ്തുനികുതി വരവായി ഉൾപ്പെടുത്തിയത് ഗുരുതരമായ ക്രമക്കേടാണ്. ഇതു സംബന്ധിച്ച് വിശദമായ പരിശോധന നടത്തേണ്ടതും സമാന അപകാങ്ങൾ ആവർത്തിടച്ചിട്ടുണ്ടെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വികരിക്കേണ്ടതുമാണ്. തുടർനടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15 ബഹുനില വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി-തറ നിർമിതിയുടെ അടിസ്ഥാനത്തിൽ ഉള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല, ഫോം 6 വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തിയത് മൂലം നികുതി ശോഷണം

വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്സ്മെന്റ് രജിസ്റ്ററും, സഞ്ചയസോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ നിന്നുള്ള റിപ്പോർട്ടുകളും പരിശോധിച്ചതിൽ പഞ്ചായത്തിലെ കടവത്തൂർ ടൗൺ വാർഡിൽ (വാർഡ് നം.16 ) പുതിയ പുരയിൽ കദീജ അബ്ദു റഹ്മാൻ, കല്ലുവയൽ കുനിയിൽ ആയിഷ , പുതിയ പുരയിൽ അബ്ദുൾ വാഹി എന്നിവരുടെ ഉടമസ്ഥതയിലുള്ള 1806.747 ച.മീ തറ വിസ്തീർണമുള്ള ബഹു നില വാണിജ്യ കെട്ടിടത്തിലെ (പെർമിറ്റ് നം- A3.05/2021 തീയ്യതി: 16.11.2021) കടമുറികളുടെ നികുതി നിർണ്ണയം ചുവടെ കാണിച്ചിരിക്കുന്ന പ്രകാരമാണ് (സഞ്ചയയിൽ) നടത്തിയിരിക്കുന്നത്

| ഫോം 6 ൽ രേഖപ്പെടുത്തിയിരിക്കുന്ന അടിസ്ഥാന വിവരങ്ങൾ |
|---|

| | |
|---|---|
| കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല | പ്രഥമം |
| കെട്ടിടം സ്ഥിതി ചെയ്യുന്ന / കെട്ടിടത്തിൻറെ സമീപമുള്ള റോഡിൻറെ പേര് | കടവത്തൂർ ടൌൺ |
| റോഡിൻറെ തരം | 5 മീറ്ററോ അതിൽ കൂടുതൽ |
| തറ നിർമിതിയുടെ വിവരം | മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ,ഗ്രാനൈറ്റ്,മറ്റ് വിലയേറിയ വസ്തുക്കൾ |
| കെട്ടിടത്തിൻറെ കാലപ്പഴക്കം | 0<br><br>(സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 16/167A മുറിക്ക് 10 വർഷം കാലപ്പഴക്കം) |
| കെട്ടിടത്തിൻറെ ഉപയോഗക്രമം | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ<br>(നിരക്ക് - 70 രൂപ) |

| ക്രമ നമ്പർ | കട മുറിയുടെ നമ്പർ | നില | തറ വിസ്തീർണം | അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള വർദ്ധനവ് | അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള ഇളവ് | സഞ്ചയ പ്രകാരം നിർണ്ണയിച്ച ആകെ നികുതി(വസ്തു നികുതി+ലൈബ്രറി സെസ്സ് ) |
|---|---|---|---|---|---|---|
| 1 | 167A | താഴത്തെ നില | 225.84 | 20% | 10% (കാലപ്പഴക്കം) | 18260 |
| 2 | 167B | താഴത്തെ നില | 225.84 | 20% | ഇല്ല | 19920 |
| 3 | 167C | താഴത്തെ നില | 225.84 | 20% | ഇല്ല | 19920 |
| 4 | 167D | താഴത്തെ നില | 225.84 | 20% | ഇല്ല | 19920 |
| 5 | 167E | ഒന്നാം നില | 225.84 | 20% | ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് (ഒന്നാമത്തെ നില 5%) | 18925 |
| 6 | 167F | ഒന്നാം നില | 225.84 | 20% | ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് (ഒന്നാമത്തെ നില 5%) | 18925 |
| 7 | 167G | ഒന്നാം നില | 225.84 | 20% | ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് (ഒന്നാമത്തെ നില 5%) | 18925 |
| 8 | 167H | ഒന്നാം നില | 225.84 | 20% | ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് (ഒന്നാമത്തെ നില 5%) | 18925 |

ഫോം 6 ൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പ്രകാരം അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള വർദ്ധനവ് 35% ആയിരിക്കേണ്ടതാണ് പക്ഷെ സഞ്ചയയിലെ വസ്തു നികുതി അസ്സെസ്സ്മെന്റിൽ പ്രസ്തുത ഇനത്തിൽ 20% വർദ്ധനവ് മാത്രമേ വരുത്തിയിട്ടുള്ളൂ, തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് നികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 6-ൽ പട്ടിക 6 പ്രകാരം) വരുത്തേണ്ട ഫോം 6 ൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പ്രകാരം 16/167A കടമുറിക്ക് അടിസ്ഥാന വസ്തു നികുതിയിന്മേൽ ഇളവുകൾ ഒന്നും ബാധകമല്ല എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിടത്തിന്റെ കാലപ്പഴക്കം 0 എന്നതിന് പകരം 10 വർഷം എന്ന് രേഖപ്പെടുത്തിയതിനാൽ പ്രസ്തുത ഇനത്തിലെ 10% ഇളവ് കഴിച്ചുള്ള തുകയാണ് വസ്തു നികുതിയായി കണക്കാക്കിയിട്ടുള്ളത് .

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സമർപ്പിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.23/30.12.2022 ) 1806.747 ച.മീ ഉള്ള മേൽ പറഞ്ഞിരിക്കുന്ന ബഹുനില വാണിജ്യ കെട്ടിടത്തിലെ ഓരോ കടമുറിയും 250 ച.മീ ൽ കുറവായതിനാലാണ് തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് വസ്തു നികുതി നിർണയത്തിന് ബാധകമാകാതിരുന്നതെന്നും, 16/167A നമ്പർ മുറിയുടെ കാലപ്പഴക്കം 0 എന്നതിന് പകരം 10 എന്ന് തെറ്റായി രേഖപ്പെടുത്തിയതാണെന്നും തെറ്റുകൾ തിരുത്തി കുറവ് വന്ന നികുതി ഈടാക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭിച്ചത് .

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക്/ ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.ആയത് പ്രകാരം പ്രസ്തുത വസ്തു നികുതി നിർണ്ണയത്തിൽ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15 % വർദ്ധനവ് ലഭ്യമാകേണ്ടതാണ്.

പ്രസ്തുത വസ്തു നികുതി നിർണ്ണയത്തിൽ സഞ്ചയയിൽ തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയത് മൂലം നികുതി നിർണ്ണയത്തിൽ കുറവ് വന്ന 16/167A നമ്പർ മുറിയുടെ ഫോം 6 വിവരങ്ങൾ സോഫ്റ്റ് വെയറിൽ ശരിയായി രേഖപ്പെടുത്തി നികുതി പുനർ നിർണ്ണയിച്ച് ഈടാക്കേണ്ടതും ,തറ നിർമിതിയുടെ അടിസ്ഥാനത്തിൽ ലഭ്യമാകേണ്ടിയിരുന്ന 15 % വർദ്ധനവ് സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടിട്ടില്ല എന്നുള്ള വിവരം സോഫ്റ്റ് വെയർ സേവന ദാതാക്കളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും പഞ്ചായത്തിന് ലഭിക്കേണ്ടുന്ന പ്രസ്തുത വർദ്ധനവ് ലഭ്യമാക്കുവാനുള്ള സത്വര നടപടികൾ കൈക്കൊണ്ട് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-16 എസ് ടി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം- സബ്സിഡി ഇനത്തിൽ അധികം നൽകിയ ₹6000 നിരാകരിക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്ട് നമ്പർ | 73 /2022 |
| പ്രൊജക്ടിന്റെ പേര് | എസ് ടി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം |
| അടങ്കൽ | ₹ 24000വികസന ഫണ്ട്(ജനറൽ)<br>₹6000 (ഗുണഭോക്തൃ വിഹിതം) |
| ആകെ | ₹ 30000 |

| | |
|---|---|
| ചെലവ് തുക | ₹ 24000വികസന ഫണ്ട്(ജനറൽ)<br>₹4200 (ഗുണഭോക്തൃ വിഹിതം)<br>1. ബിൽ നമ്പർ-12/21-22, 16.3.2022 ₹ 24000<br>2. ചെക്ക് നമ്പർ-39933,5.3.22 ₹4200 |

മേൽ പദ്ധതി പ്രകാരം 6 വാട്ടർ ടാങ്ക് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഭരണസമിതിയുടെ 16-11-2021 ലെ 199/2021(3)നമ്പർ തീരുമാനം പ്രകാരം അസിം ഡിസൈനിംഗ് എന്റ് ഇന്റീരിയർ എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ-343/5-2-2022 (@ 3983.05* 6+ 18% GST ) പ്രകാരം IS0 മുദ്രയുള്ള HYCOUNT ROTOPOND3 LAYER WHITE , 10 YEAR വാറണ്ടിയുള്ള വാട്ടർ ടാങ്ക് വാങ്ങുന്നതിനാണ് 28200 രൂപ വിനിയോഗിച്ചിട്ടുള്ളത്.

സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്)22/2018/ ത.സ്വ.ഭ.വ, തീയതി-14.02.18ലെ ഖ-6.6 (5) പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക് വിലയുടെ 75% സബ്സിഡി അനുവദിക്കാവുന്നതാണ് (പരമാവധി-₹3000). 6 ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്നത തുക 6x3000=18000 രൂപയാണ്. എന്നാൽ 24000 രൂപ നൽകിയിട്ടുണ്ട്. സബ്സിഡി ഇനത്തിൽ ഒരു ഗുണഭോക്താവിന് ₹1000 എന്ന നിരക്കിൽ 6 ഗുണഭോക്താക്കൾക്ക് 6000 രൂപ അധികം വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-12/28-12-2022) വികസന ഫണ്ടിൽ നിന്നും അധികം നൽകിയ തുക തിരികെ അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. സബ്സിഡി ഇനത്തിൽ അധികം നൽകിയ ₹6000 നിരാകരിക്കുന്നു. തുക തിരികെ ഈടാക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-17 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ,പ്രിന്റർ, ഹൈസ്പീഡ് സ്കാനർ വാങ്ങൽ- രേഖകളുടെ അഭാവത്തിൽ ₹135808 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ,പേര് | 218/22 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, ഹൈസ്പീഡ് സ്കാനർ വാങ്ങൽ |
| അടങ്കൽ | ₹ 334793 (വികസന ഫണ്ട്) |
| ചെലവ് | ₹ 334793 |
| ബിൽ നമ്പർ,തീയ്യതി | 21220752009301128985/15.2.2022 |

പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ,പ്രിന്റർ, ഹൈസ്പീഡ് സ്കാനർ വാങ്ങൽ എന്ന പദ്ധതി പ്രകാരം 3 Printer വാങ്ങുന്നതിന് ₹38859 ഉം, 1 ഹൈസ്പീഡ് സ്കാനറിന് ₹96949 ഉം, 5 കംപ്യൂട്ടറിന് ₹198985-ഉം ഉൾപ്പെടെ ആകെ ₹334793 കെൽട്രോണിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. കംപ്യൂട്ടർ ലഭ്യമാക്കുകയും സ്റ്റോക്കിലെടുക്കുകയും ചെയ്തിട്ടുണ്ട് (പേജ് നമ്പർ-99). പ്രിന്റർ, ഹൈസ്പീഡ് സ്കാനർ ഇവ ലഭ്യമാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/28-12-2022) നൽകിയ മറുപടിയിൽ ഹൈസ്പീഡ് സ്കാനർ ലഭിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല.

കംപ്യൂട്ടർ വിതരണം ചെയ്ത Acer India (Pvt) Ltd എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് ITBG/ITP/SRC/0913 /21-22,20.5.22 പ്രകാരം ₹191331 രൂപയാണ് വില. എന്നാൽ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ₹198985 രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. അധികം നൽകിയ ₹7654 തിരികെ ലഭിച്ചിട്ടില്ല.

കംപ്യൂട്ടറിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കണമെന്നുള്ള സർക്കുലറിലെ നിർദ്ദേശം പാലിച്ചിട്ടില്ല (നമ്പർ-86/2010/ഫിൻ , തീയതി-24-9-2010)

പ്രിന്റർ നാളിതുവരെ ലഭിക്കാത്തതിനാലും ഹൈസ്പീഡ് സ്കാനർ വാങ്ങിയ ഇൻവോയ്സിന്റെ പകർപ്പ് ഹാജരാക്കാത്തതിനാലും ചെലവ് തുക ₹135808 രൂപ തടസ്സപ്പെടുത്തുന്നു. പ്രിന്റർ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കമ്പ്യൂട്ടറിന് അധികം നൽകിയ 7654/- രൂപ കെൽട്രോണിൽ നിന്നും തിരികെ ഈടാക്കേണ്ടതും ഹൈസ്പീഡ് സ്കാനർ വാങ്ങിയ ഇൻവോയ്സിന്റെ പകർപ്പ് ഹാജരാക്കേണ്ടതുമാണ്. കമ്പ്യൂട്ടറിന് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. കെൽട്രോണിൽ നിന്ന് തുക തിരികെ ലഭ്യമായതിന്റെ രേഖകളും മേൽ പരാമർശിച്ച മറ്റ് രേഖകളും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 ഐ.കെ.എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ / പേര് | 4/22 സാങ്കേതിക സഹായത്തിന് ഐ.കെ.എം ന് വിഹിതം നൽകൽ |
| അടങ്കൽ | ₹ 75000 ( വികസന ഫണ്ട് ) |
| ചെലവ് | ₹ 75000 |
| ബിൽ നമ്പർ,തീയതി | 21220752009300142350/23.6.21 |

മേൽ ബിൽ പ്രകാരം മാറിയ 75000 രൂപ ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട് (നമ്പർ- 57047023512 ). തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/28-12-2022) മറുപടിയായി വിനിയോഗ സാക്ഷ്യപത്രം എത്രയും വേഗം ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-19 പി.എച്ച്.സി -മരുന്ന് വാങ്ങൽ ₹86049 രൂപയുടെ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രോജക്ട് നമ്പർ, പേര് | 49/22 പി.എച്ച്.സി -മരുന്ന് വാങ്ങൽ |
| അടങ്കൽ | 10,00,000മെയിന്റനൻസ് ഫണ്ട്(റോഡിതരം) |
| ചെലവ് | 10,00,000 |
| ബിൽ നമ്പർ,തീയതി | 1/21-22,28.6.21 |

മേൽ പ്രോജക്ട് പ്രകാരം പി.എച്ച്.സി ക്ക് മരുന്ന് വാങ്ങുന്നതിനായി ഇൻവോയ്സ് നമ്പർ -PRF 475 , 3.6.21 പ്രകാരം ₹10,00,000 കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് മുൻകൂറായി നൽകിയിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ ഇൻവോയ്സുകൾ പ്രകാരം ലഭിച്ച ₹9,13,951 രൂപയുടെ മരുന്ന് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബാക്കി 86049 രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ടോ എന്ന വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-19/29-12-2022) മരുന്നിന്റെ ലഭ്യതക്കുറവ് കാരണം നൽകാൻ സാധിച്ചിട്ടില്ലായെന്ന് കെ.എം.എസ്.സി.എൽ അറിയിച്ചതായി മെഡിക്കൽ ഓഫീസർ നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കുവാൻ വേണ്ട തുടർ നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പർച്ചേസ് ബില്ലുകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-20 2017-18 ൽ ഡെപ്പോസിറ്റ് വർക്കുകൾക്ക് മുൻകൂർ നൽകിയത് -നീക്കിയിരിപ്പുള്ള ₹ 7,46,006 കെ.എസ്.ഇ.ബി യിൽ നിന്നും തിരികെ ഈടാക്കാക്കിയിട്ടില്ല.

2017-18 വർഷത്തിൽ 1) പ്രോജക്ട് നമ്പർ-160/18 ഗ്രാമ പഞ്ചായത്ത് ഓഫീസ് മുൻവശത്തെ വൈദ്യുതി ലൈൻ മാറ്റൽ എന്ന പദ്ധതിക്കായി ₹ 86606 ഉം, 2) വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ (പ്രോജക്ട് നമ്പർ ലഭ്യമല്ല) എന്ന പദ്ധതിക്കായി ₹11,42, 449 ഉൾപ്പെടെ ആകെ ₹12,29,055 കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്റർ പ്രകാരം 2018-19 വർഷത്തിൽ 4,83,049 രൂപ ക്രമീകരിച്ചതിനു ശേഷം ആകെ ₹7,46,006 നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. (വാർഷിക ധനകാര്യ പത്രികയിലെ B-18 ഷെഡ്യൂളിലെ 460500202 എന്ന ശീർഷകത്തിൽ Advance To Implementing Agencies (Deposit With Kerala Electricity Board ) ₹7,46,006 നീക്കിയിരിപ്പുണ്ട്).

മേൽ പരാമർശിച്ച പ്രോജക്ടുകളുടെ നിലവിലെ അവസ്ഥയും , 2017-18 മുതൽ നീക്കിയിരിപ്പുള്ള പ്രസ്തുത തുക KSEB യിൽ നിന്നും തിരികെ ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണവും വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/30-12-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ നീക്കിയിരിപ്പുള്ള തുക KSEB യിൽ നിന്നും തിരികെ ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-21 സാന്ത്വന പരിചരണം-മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 54/22 സ്വാന്തന പരിചരണം |
| അടങ്കൽ | ₹432320(വികസന ഫണ്ട്)<br>₹200000 ( ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | ₹ 370877 (വികസന ഫണ്ട്) |

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം സാന്ത്വന പരിചരണ പദ്ധതിക്കായി ട്രാൻസ്പോർട്ടേഷൻ റിഫ്രഷ്മെന്റ് ചാർജ്, പാലിയേറ്റീവ് നഴ്സ് ഓണറേറിയം എന്നിവയ്ക്കായി ₹370877 ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 553/2019/ ത.സ്വ.ഭ.വ തീയതി 7.3.2019പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട പുതുക്കിയ മാർഗരേഖ പ്രകാരമുള്ള താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1. പാലിയേറ്റീവ് മാനേജിംഗ് കമ്മിറ്റി മിനട്ട്സ് പ്രകാരം ഓഡിറ്റ് കാലയളവിൽ 4 തവണ മാത്രമേ പാലിയേറ്റീവ് മാനേജിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളൂ. രണ്ട് മാസത്തിലൊരിക്കലോ നിശ്ചിത ഇടവേളകളിലോ യോഗം ചേരണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. യോഗത്തിൽ വരവ് - ചെലവ് കണക്കുകൾ അവതരിപ്പിക്കുന്നില്ല.

2. തുടർ പരിചരണം ആവശ്യമായ രോഗികളുടെ വിവരങ്ങളടങ്ങിയ ഹോം കെയർ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഹോം കെയർ പ്ലാൻ തയ്യാറാക്കുന്നില്ല(ഖ-2.4.1(3).

3.ഗൃഹ സന്ദർശന വിവരങ്ങളടങ്ങിയ ഹോം കെയർ റിപ്പോർട്ട് ബുക്കിൽ (ഡെയിലി രജിസ്റ്റർ)27-7-2021 വരെയുള്ള വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയത്. അതിൽ 24-7-21 ,26-7-21 എന്നീ തീയതികളിൽ ഗൃഹ സന്ദർശന വിവരങ്ങൾ ചേർത്തിട്ടില്ല. 27-7-2021 മുതൽ 31-3-22 വരെ ഗൃഹ സന്ദർശന വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല .(ഖ-2.6.3).

4. കിടപ്പിലായ രോഗികളുടെ വീട്ടിലെത്തി പരിചരണം നൽകുന്നതിന വേണ്ടി ഹോം കെയർ വാഹനം ലഭ്യമാക്കുവാൻ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല (ഖ-2.8.3).

5.മാർഗരേഖ ഖണ്ഡിക 2.16 പ്രകാരം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ക്ഷേമകാര്യസ്റ്റാന്റിഗ് കമ്മിറ്റിയും പാലിയേറ്റീവ് കെയർ സംബന്ധിച്ച പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ടതാണ്. എന്നാൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

പാലിയേറ്റീവ് മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്ന രജിസ്റ്ററുകളും ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതിന്റെ രേഖകളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(26/30-12-22) കോവിഡ് കാരണം ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല എന്നാണ് അറിയിച്ചത്. പാലിയേറ്റീവ് പരിചരണ മാർഗരേഖയിൽ നിഷ്കർഷിക്കുന്ന പ്രകാരം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതും ഗൃഹ സന്ദർശന രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-22 ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രോജക്ടിന്റെ നമ്പരും പേരും | 1/22 ഗവ.ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹200000 റോഡിതര സംരക്ഷണഗ്രാന്റ് |
| ചെലവ് | ₹200000 റോഡിതര സംരക്ഷണഗ്രാന്റ് |
| ബിൽ നമ്പർ,തീയതി | 21220752010000986310, 21-01-2022 |

മേൽ പ്രോജക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിനായി ₹200000 ഹോംകോ മാനേജിങ്ങ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം-34306403911) 21-01-2022 മുൻകൂറായി കൈമാറിയിട്ടുണ്ടെങ്കിലും. മരുന്നുകൾ ഇതേവരെ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (9/28-12-2022) ഹോംകോ എം.ഡിയെ പരാതി അറിയിച്ചിട്ടുണ്ടെന്നും ഉടൻ മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ടെന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 തുക മുൻകൂറായി ഒടുക്കിയിട്ടും ലേസർ പ്രിന്റർ ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 137/22 എ.ഇ ഓഫീസിൽ കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ |
| അടങ്കൽ | ₹60000 തനത് ഫണ്ട് |
| ചെലവ് | ₹52,750 |

| | |
|---|---|
| വൗച്ചർ നമ്പർ& തീയ്യതി | 22100986, 15-02-2022 |

മേൽ പ്രോജക്റ്റ് പ്രകാരം എ.ഇ ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി കെൽട്രോണിന്റെ ഇൻവോയ്സുകൾ പ്രകാരം (TVM/ITBG/PI/RC/34314/2022, 01-02-2022-₹39797, TVM/ITBG/PI/RC/34318/2022, 01-02-2022-₹12953) കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 799011400003959 അക്കൗണ്ടിലേക്ക് ₹52,750 കൈമാറിയിട്ടുണ്ട്. താഴെ പറയുന്ന ഉപകരണങ്ങൾക്കായാണ് തുക കൈമാറിയിട്ടുള്ളത്.

| ക്രമ നമ്പർ | ഇനം | തുക ₹ |
|---|---|---|
| 1 | ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ | 39797 |
| 2 | ലേസർ പ്രിന്റർ | 12953 |
| ആകെ | | 52,750 |

മേൽ ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ടോ എന്നറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (25/30-12-2022) കമ്പ്യൂട്ടർ ലഭ്യമായിട്ടുണ്ടെന്നും, ലേസർ പ്രിന്ററിനായി 12953 രൂപ ഒടുക്കിയെങ്കിലും പ്രിന്റർ ലഭ്യമായിട്ടില്ലെന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്. 12953 രൂപക്ക് പ്രിന്റർ ലഭ്യമാക്കുവാനോ,ആയത് സാധിക്കാത്ത പക്ഷം തുക തിരികെ നല്കുവാനോ ഉള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന് 27-12-2022 ന് ഇ-മെയിൽ അയച്ചിട്ടുണ്ടെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതും പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-24 കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| പ്രോജക്ടിന്റെ നമ്പർ / പേര് | 26/22 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹156250 വികസന ഫണ്ട് -പൊതുവിഭാഗം<br>₹156250 സംസ്ഥാനാവിഷ്കൃത ഫണ്ട്<br>₹312500 മറ്റുള്ളവ<br>ആകെ : ₹625000 |
| ചെലവ് | ₹156250 ബിൽ നമ്പർ : 5/21-22/23-11-2021 |

2021-22 സാമ്പത്തിക വർഷത്തിൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി ₹156250 എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ എന്നവർക്ക് കൈമാറിയിട്ടുണ്ട്. 25 ഗുണഭോക്താക്കളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മുഴുവൻ ഗുണഭോക്താക്കളും പദ്ധതിയിൽ തുടരുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും പദ്ധതിയിൽ നിന്നും ഒഴിവായിട്ടുള്ള ഗുണഭോക്താക്കളുണ്ടെങ്കിൽ സബ്സിഡി വിഹിതമിനത്തിൽ ബാക്കി വരുന്ന തുക തിരികെ സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് എസ്.എൽ.ബി.പി യിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-25 മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ -കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| പ്രോജക്ടിന്റെ നമ്പർ പേര് | 208/22 മൃഗാശുപത്രിയിലേക്ക് യുപിഎസ്,കമ്പ്യൂട്ടർ,പ്രിന്റർ, വാങ്ങൽ |
| അടങ്കൽ | ₹ 100000 മെയിന്റനൻസ് ഫണ്ട്-റോഡിതരം |
| ചെലവ് | ₹ 39797 ബിൽ നം 25/21-22/24-3-22 |

മേൽ പ്രോജക്റ്റ് പ്രകാരം ഒരു ഡസ്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങുന്നതിന് കെൽട്രോൺ സമർപ്പിച്ച പ്രഫോർമ ഇൻവോയിസിന്റെ (Invoice No. TVM/ITGB/PI/RC/35665/20-21 Dt 24-2-22)അടിസ്ഥാനത്തിൽ ₹39797 കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്പ്മെന്റ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. പ്രഫോർമ ഇൻവോയിസ് മാത്രമാണ് ഓഡിറ്റിനു ലഭ്യമാക്കിയ ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 18/29-12-22) ലഭ്യമാക്കിയ മറുപടിയിൽ ഇൻവോയിസ് പ്രകാരമുള്ള വർക്ക് ഓർഡർ ജനറേറ്റ് ചെയ്യുന്നതിൽ കാലതാമസം വന്നതിനാൽ 2021-22 സാമ്പത്തിക വർഷം കമ്പ്യൂട്ടർ ലഭ്യമായിട്ടില്ലെന്നും കമ്പ്യൂട്ടറിന്റെ വില വർദ്ധിച്ചതിനാൽ 39121

രൂപ വിലവരുന്ന ലാപ് ടോപിനു വേണ്ടി CPCRS സൈറ്റിൽ വർക്ക് ഓർഡർ ജനറേറ്റ് ചെയ്തിട്ടുണ്ടെന്നും ബാക്കി തുക തിരികെ ലഭിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ലാപ് ടോപ് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറയ്ക്ക് സ്പെസിഫിക്കേഷൻ ഉൾപ്പെടെയുള്ള വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

## 1-26 പ്രേരക്ക്മാർക്ക് നൽകിയ ഓണറേറിയം- സാക്ഷരതമിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല

വൗച്ചർ നമ്പർ,തീയതി-22100052 ,27.4.2021 ₹ 8250

വൗച്ചർ നമ്പർ,തീയതി-22100053 ,27.4.2021 ₹15840

വൗച്ചർ നമ്പർ,തീയതി-22100097 ,11.5.2021 ₹9000

ഗ്രാമ പഞ്ചായത്തിലെ കല്ലിക്കണ്ടി തുടർ വിദ്യാകേന്ദ്രത്തിലെ പ്രേരക്കിന് 2020ഡിസംബർ, 2021 ജനവരി,ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ ഓണറേറിയം നൽകുന്നതിനാണ് തുക വിനിയോഗിച്ചത്. തദ്ദേശ സ്വയംഭരണ(എഫ്.എം) വകുപ്പിന്റെ 26-2-2021 ലെ സ.ഉ(സാധാ)നം626/2021/തസ്വഭവ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രേരക്ക്മാർക്ക് നൽകുന്ന ഓണറേറിയം, സർക്കാർ ഫണ്ട് ലഭ്യമാകുന്ന മുറക്കും, സാക്ഷരത മിഷന്റെ തനത് ഫണ്ട് ലഭ്യമാകുന്ന മുറക്കും തിരികെ നൽകണം എന്ന വ്യവസ്ഥയിലാണ് തുക അനുവദിക്കാൻ നിർദ്ദേശിച്ചത്.

ഇപ്രകാരം നൽകിയ തുക ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടുണ്ടോ എന്ന വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്( 5/27.12.2022) സാക്ഷരതമിഷനിൽ നിന്നും തുക ലഭിച്ചിട്ടില്ലെന്നാണ് അറിയിച്ചത്. തുക തിരികെ ലഭിക്കാൻ വേണ്ട തുടർ നടപടികൾ സ്വീകരിക്കേണ്ടതും ഫണ്ട് ലഭിക്കുന്ന മുറക്ക് തനത് ഫണ്ടിൽ വരവ് വെക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-27 പട്ടികജാതി വനിതകൾക്ക് ഇരുചക്ര വാഹനം-മാർഗ്ഗരേഖയിലെ വ്യവസ്ഥ പാലിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്ട് നമ്പർ | 78 /2022 |
| പ്രൊജക്ടിന്റെ പേര് | പട്ടികജാതി വനിതകൾക്ക് ഇരുചക്ര വാഹനം |
| അടങ്കൽ | ₹ 59310വികസന ഫണ്ട്(എസ് സി പി )<br>₹60000 (ഗുണഭോക്തൃ വിഹിതം നേരിട്ട്) |
| ആകെ | ₹ 119310 |
| ചെലവ് തുക | ₹ 59310 വികസന ഫണ്ട് (എസ്.സി.പി )<br>ബിൽ നമ്പർ-6/21-22, 5-11-21 |

തൊഴിൽ രഹിതരായ പട്ടിക ജാതി യുവതികൾക്ക് ഇരുചക്ര വാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വിൽപന നടത്തി ഉപജീവനം നടത്തുന്നതിന് വാഹനത്തിന്റെ വിലയുടെ 50% ധനസഹായം നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇത് പ്രകാരം 2 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു .

1.പ്രസ്തുത പദ്ധതി പ്രകാരം 2 ഗുണഭോക്താക്കളും വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്താണ് ഇരുചക്ര വാഹനങ്ങൾ വാങ്ങിയിരിക്കുന്നത്. വാഹനം വാങ്ങിയ കടയുടെ ബാങ്ക് അക്കൗണ്ടിലേക്കോ വായ്പ എടുക്കുന്ന സംഗതിയിൽ വാഹന വായ്പ അക്കൗണ്ടിലേക്കോ ആയിരിക്കണം സബ്സിഡി തുക നൽകേണ്ടതെന്ന നിബന്ധന (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018 ലെ സ.ഉ (കൈ) 22/18/തസ്വഭവ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.4.9) പാലിക്കാതെ ഗുണഭോക്താക്കളുടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലേക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വാർഡ് നമ്പർ | പേര് | സബ്സിഡി തുക അനുവദിച്ചത് | വാഹന വായ്പ എടുത്ത സ്ഥാപനം |
|---|---|---|---|

| | | | |
|---|---|---|---|
| 5 | വിജിന.ഇ.പി | 29310 | മുത്തൂറ്റ് ക്യാപിറ്റൽ സർവീസസ് ലിമിറ്റഡ് |
| 14 | ഷീബ.കെ | 30000 | ഇൻഡസ് ഇൻഡ് ബാങ്ക് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/2022,28-12-2022) നൽകിയ മറുപടിയിൽ വാഹനം വാങ്ങിയ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ നൽകുവാൻ പല തവണ ആവശ്യപ്പെട്ടിട്ടും നൽകിയിട്ടില്ല എന്നും, വാഹനം നൽകിയ കട ഉടമകളുടെ നിർബന്ധം കാരണമാണ് തുക ഗുണഭോക്താക്കളുടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകിയതെന്നുമാണ് മറുപടിയിൽ വിശദമാക്കിയത്. വാഹനവായ്പാ അക്കൗണ്ടിലേക്കായിരിക്കണം സബ്സിഡി തുക അനുവദിക്കേണ്ടത് എന്ന മാർഗ്ഗരേഖയിലെ വ്യവസ്ഥ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 തെരുവ് വിളക്കിന് AMCവെക്കൽ- അപാകങ്ങൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. | 8/2022 |
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്കിന് AMCവെക്കൽ |
| അടങ്കൽ | 325000/- (തനത് ഫണ്ട്) |
| ചെലവ്<br>ചെക്ക് നം. & തീയതി | 1,75,350- (തനത് ഫണ്ട്)<br>41478/31.3.2022 |

തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത ഇനത്തിൽ കരാറുകാരനായ ശ്രീലേഷ്.സി ക്ക് മേൽ പ്രോജക്ട് പ്രകാരം ₹175350രൂപ കൈമാറിയിട്ടുണ്ട്. കരാറുകാരൻ സമർപ്പിച്ച ടെണ്ടർ രേഖകളിൽ ട്യൂബ് , CFL ,LED എന്നിവ ഒറ്റതവണ റിപ്പയർ ചെയ്യുന്നതിന് 1 എണ്ണത്തിന് 350/- രൂപയാണ് ക്വാട്ട് ചെയ്തിരിക്കുന്നത്. കരാറുകാരൻ സമർപ്പിച്ച ഇൻവോയ്സ് നമ്പർ (0078,30-3-2022) പ്രകാരം 501 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതായി കാണിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

അപാകങ്ങൾ

1.കരാർ വെക്കാത്തതിനാൽ റിപ്പയർ ചെയ്യേണ്ട തെരുവ് വിളക്കുകളുടെ എണ്ണം,തരം എന്നിവ വ്യക്തമല്ല. കരാർ വെക്കാത്തതിന്റെ കാരണം വിശദമാക്കിയിട്ടില്ല.

2. രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ്, പരാതി രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3.തെരുവ് വിളക്കുകളുടെ സ്ഥിതിവിവരകണക്കുകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ വാർഡടിസ്ഥാനത്തിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

4. 15.09.11 ലെ സർക്കാർ സർക്കുലർ നമ്പർ 3055/DM3/2011/LSGD-ലെ വ്യവസ്ഥകൾ പാലിച്ചു കൊണ്ടാണ് തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തേണ്ടത്. ബന്ധപ്പെട്ട സർക്കാർ ഉത്തരവിലെ ഖണ്ഡിക 2(ജി)യിൽ നിർദ്ദേശിച്ച പ്രകാരം കരാറിലെ വ്യവസ്ഥകൾക്കനുസൃതമായി സ്ഥാപിക്കപ്പെടുന്ന എല്ലാ സംഗതികളും പ്രവർത്തന നിരതമാണോ എന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ അധികാരികളും കരാറുകാരനും ഉറപ്പുവരുത്തേണ്ടതും ഇത് സംബന്ധിച്ച് സ്ഥാപനത്തിന്റെയും കെ.എസ്.ഇ.ബിയുടെയും ബന്ധപ്പെട്ട അധികാരികളും കരാറിന്റെ പ്രാരംഭഘട്ടം മുതൽ സംയുക്ത പരിശോധന നടത്തേണ്ടതുമാണ്. പ്രസ്തുത വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.

5.തെരുവു വിളക്കുകളുടെ എണ്ണവും തരവും കണ്ടെത്തുന്നതിനായി കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/30-12-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിക്കുന്നതിനാധാരമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-29 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 282(1) എ പ്രകാരവും, 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 79 പ്രകാരവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിന് ശേഷം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നതിൽ പല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും വീഴ്ച വരുത്തിയിട്ടുള്ളതിനാൽ 14-1-2020 ലെ സർക്കുലർ നമ്പർ എസി 1/125/2019-

തസ്വഭവ പ്രകാരം തുടർച്ചയായി മൂന്ന് വർഷത്തിലധികമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകകൾ മൂന്ന് വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണെന്നും പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 2021-22 ലെ വാർഷിക ധനകാര്യപത്രിക ബി 7 ഷെഡ്യൂൾ പ്രകാരം വിവിധ ഇനങ്ങളിലെ ഡെപ്പോസിറ്റായി ആകെ ₹1648216 നീക്കിയിരിപ്പുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല. 2009-10 സാമ്പത്തിക വർഷം മുതൽ ലഭിച്ച തുകകൾ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് 15/28-12-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നീക്കിയിരിപ്പായിട്ടുള്ള ഡെപ്പോസിറ്റ് തുകകൾ കൃത്യമായി പരിശോധിച്ച് കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ സംബന്ധിച്ച വിവരം ധനകാര്യ കമ്മിറ്റിയിലും ജനറൽ കമ്മിറ്റിയിലും ബോധ്യപ്പെടുത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എസ് ടി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം- സബ്സിഡി ഇനത്തിൽ അധികം നൽകിയ ₹6000 നിരാകരിക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്ട് നമ്പർ | 73 /2022 |
| പ്രൊജക്ടിന്റെ പേര് | എസ് ടി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം |
| അടങ്കൽ | ₹ 24000വികസന ഫണ്ട്(ജനറൽ)<br>₹6000 (ഗുണഭോക്തൃ വിഹിതം) |
| ആകെ | ₹ 30000 |
| ചെലവ് തുക | ₹ 24000വികസന ഫണ്ട്(ജനറൽ)<br>₹4200 (ഗുണഭോക്തൃ വിഹിതം)<br>1. ബിൽ നമ്പർ-12/21-22, 16.3.2022 ₹ 24000<br>2. ചെക്ക് നമ്പർ-39933,5.3.22 ₹4200 |

മേൽ പദ്ധതി പ്രകാരം 6 വാട്ടർ ടാങ്ക് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഭരണസമിതിയുടെ 16-11-2021 ലെ 199/2021(3)നമ്പർ തീരുമാനം പ്രകാരം അസിം ഡിസൈനിംഗ് എന്റ് ഇന്റീരിയർ എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ-343/5-2-2022 (@ 3983.05* 6+ 18% GST ) പ്രകാരം IS0 മുദ്രയുള്ള HYCOUNT ROTOPOND3 LAYER WHITE , 10 YEAR വാറണ്ടിയുള്ള വാട്ടർ ടാങ്ക് വാങ്ങുന്നതിനാണ് 28200 രൂപ വിനിയോഗിച്ചിട്ടുള്ളത്.

സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്)22/2018/ ത.സ്വ.ഭ.വ, തീയതി-14.02.18ലെ ഖ-6.6 (5) പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക് വിലയുടെ 75% സബ്സിഡി അനുവദിക്കാവുന്നതാണ് (പരമാവധി- ₹3000). 6 ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്നത തുക 6x3000=18000 രൂപയാണ്. എന്നാൽ 24000 രൂപ നൽകിയിട്ടുണ്ട്. സബ്സിഡി ഇനത്തിൽ ഒരു ഗുണഭോക്താവിന് ₹1000 എന്ന നിരക്കിൽ 6 ഗുണഭോക്താക്കൾക്ക് 6000

രൂപ അധികം വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-12/28-12-2022) വികസന ഫണ്ടിൽ നിന്നും അധികം നൽകിയ തുക തിരികെ അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. സബ്സിഡി ഇനത്തിൽ അധികം നൽകിയ ₹6000 നിരാകരിക്കുന്നു. തുക തിരികെ ഈടാക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 27-12-2022, | കെ.എസ്.എ./കെ.എൻ.ആർ. /സി.8/1784/2022 തീയതി: 21.03.2023 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | ലഭിച്ച തുക | പ്രൊജക്ട് നമ്പർ, പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 0 | 85000 | 57/22, നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 85000 | 0 |
| കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 0 | 25500 | 44/22, പച്ചക്കറികൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 25500 | 0 |
| കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 0 | 400000 | 14/22, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 400000 | 0 |
| കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 0 | 80000 | 69/22, പാലിന് സബ്സിഡി | 80000 | 0 |
| ആകെ | | 590500 | | 590500 | |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 0 | 48531 | 81/22,സുഭിക്ഷ കേരളം ,വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി | 48531 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 0 | 400000 | 14/22, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 400000 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 0 | 3000 | 69/22, പാലിന് സബ്സിഡി | 3000 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 0 | 18098 | 82/22, ബയോഫ്ലോക്ക് മത്സ്യകൃഷി | 18098 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | | 469629 | | 469629 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

തൻവർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദ വിവരം താഴെകൊടുക്കുന്നു .

| വായ്പ ഇനം | വായ്പ തുക | ഉത്തരവ് | മുൻവർഷാരംഭത്തിൽ തിരിച്ചടക്കാൻ ഉണ്ടായ തുക | ഒടുക്കിയ തുക | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| | | | | തുക | പലിശ | |
| ലൈഫ് ഭവന പദ്ധതി | 9821307 | ലഭ്യമല്ല | 6077307 | 2903928 | 0 | 3173379 |

ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യപത്രിക ബി.5 ഷെഡ്യൂൾ പ്രകാരം 4684779 രൂപ ആണ്. തിരിച്ചടക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്. പ്രോജക്റ്റ് നമ്പർ 223/22 പ്രകാരം തിരിച്ചടച്ച 1511400 രൂപ വാർഷിക ധനകാര്യ പത്രികയിൽ ലോൺ തിരിച്ചടവായി ഉൾപ്പെടുത്തിയിട്ടില്ല.

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1871726 |
| തൻവർഷം നിക്ഷേപിച്ച തുക | 131486 (പലിശ) |
| ആകെ | 2003212 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2003212 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ചതിന്റെ വിവരം | തുക | അക്കൗണ്ട് നം. | കാലാവധി |
|---|---|---|---|---|---|
| 1 | പൊയിലൂർ സർവ്വിസ് സഹകരണ ബാങ്ക് പലിശ 7.75% | എഫ്.ഡി നമ്പർ. 12357/15.05.2021) | 271181 | ഇല്ല | 15.05.2022 |
| 2 | പൊയിലൂർ സർവ്വിസ് സഹകരണ ബാങ്ക് പലിശ 7.75% | എഫ്.ഡി നമ്പർ. 12356/15.05.2021) | 283111 | ഇല്ല | 15.05.2022 |
| 3 | കണ്ണൂർ ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് പലിശ 6.75% | (എഫ്.ഡി നമ്പർ. 039133/21-11-2021) | 1448920 | 1053512000001 | 21.11.2022 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| 2016-17 | 3-15(1) | 6448 | സുബാഷ്.സി.കെ | 121010104856 Dt 20.12.2021 |
| 2016-17 | 3-15(2) | 2476 | വി.കെ.അഹമ്മദ് മാസ്റ്റർ | 12101010148 Dt 19.01.2022 |
| 2017-18 | 2-1 | 10000 | സെക്രട്ടറി, കടവത്തൂർ അർബൻ കോ ഓപ്പ് സൊസൈറ്റി | 121010106194 Dt 19.01.2022 |
| 2017-18 | 2-1 | 2880 | സെക്രട്ടറി, കടവത്തൂർ അർബൻ കോ ഓപ്പ് സൊസൈറ്റി | 121010106201 Dt 22.01.2022 |
| 2017-18 | 2-1 | 3030 | സെക്രട്ടറി, കടവത്തൂർ അർബൻ കോ ഓപ്പ് സൊസൈറ്റി | 121010106202 Dt 22.01.2022 |
| 2018-19 | 1-14(5) | 1500 | റാബിയ പട്ടാടത്തിൽ | 121010108023 Dt 30.03.2022 |
| 2018-19 | 1-14(1) | 625 | മുനീർ.എ.പി | 121010105772dt 03.12.2021 |
| 2018-19 | 1-14(3) | 2000 | രമേഷ്.പി.പി | 121010105447 Dt 31.12.2021 |
| 2018-19 | 1-14(6) | 2400 | രമേഷ്.പി.പി | 121010105448dt 31.12.2021 |
| 2018-19 | 1-16(13) | 2575 | ഇസ്ഹാഖ് അലി | 121010105638 Dt 16.01.2022 |
| 2018-19 | 1-16(18) | 1171 | ഉസ്മാൻ.ടി | 121010105646 Dt 16.01.2022 |
| ആകെ | | ₹35105 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 93691615 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 88975844 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 6000 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 135808 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 6000 | ശ്രീ. രവി.എം., അസിസ്റ്റന്റ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 135808 | ശ്രീ. ഉണ്ണികൃഷ്ണൻ.ടി.എം , സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-14, 1-15

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. രവി.എം., അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കോട്ടൂർ ഗ്രാമ പഞ്ചായത്ത്, കോഴിക്കോട് | മാലോൾ മീത്തൽ, ഉള്ളൂർ പി.ഒ കൊയിലാണ്ടി വഴി |
| ശ്രീ. ഉണ്ണികൃഷ്ണൻ.ടി.എം, സെക്രട്ടറി | സെക്രട്ടറി, ഉളിക്കൽ ഗ്രാമ പഞ്ചായത്ത് | പുതിയ മഠം, കോളാരി വഴി, മട്ടന്നൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/സി.8/ 1318/2022 തീയതി 10.10.2022 | 1 |
| 1999-2000 | കെ.എസ്.എ/കെ.എൻ.ആർ/സി.8/ 1318/2022 തീയതി 10.10.2022 | 1 |
| 1999-2000 പദ്ധതി വിഹിതം | കെ.എസ്.എ/കെ.എൻ.ആർ/സി.8/ 1318/2022 തീയതി 10.10.2022 | 3 |
| 2001-02 | കെ.എസ്.എ/കെ.എൻ.ആർ/സി.8/ 1318/2022 തീയതി 10.10.2022 | 1 |
| 2002-03 | കെ.എസ്.എ/കെ.എൻ.ആർ/സി.8/ 1318/2022 തീയതി 10.10.2022 | 1 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ/സി.8/ 1318/2022 തീയതി 10.10.2022 | 1 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/സി.8/ 1318/2022 തീയതി 10.10.2022 | 5 |

| | | |
|---|---|---|
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി.8/ 1318/2022 തീയതി 10.10.2022 | 2 |
| 2010-11, 2011-12 | കെ.എസ്.എ/കെ.എൻ.ആർ/സി.8/ 1318/2022 തീയതി 10.10.2022 | 2 |
| 2012-13 | കെ.എസ്.എ/കെ.എൻ.ആർ/സി.8/ 1318/2022 തീയതി 10.10.2022 | 1 |
| 2013-14, 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.8/ 1318/2022 തീയതി 10.10.2022 | 3 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.8/ 1318/2022 തീയതി 10.10.2022 | 4 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.8/ 1318/2022 തീയതി 10.10.2022 | 1 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി.8/ 1318/2022 തീയതി 10.10.2022 | 7 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ /സി.8/701/2022 തീയതി 10.10.2022 | 13 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/സി.8/ 702/2022 തീയതി 10.10.2022 | 16 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Thripangottoor Grama Panchayat RECEIPT & PAYMENT STATEMENT<br>For the period from 01-April-2021 to 31-March-2022 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 15235002.00 |
| Cash | Cash | RP-40(a) | 111584.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1074250.00 |
| 140000000 | Fees & User Charges | RP-4 | 850443.00 |
| 150000000 | Sale & Hire Charges | RP-5 | 121614.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 47214946.00 |
| 171000000 | Interest Earned | RP-9 | 323266.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 13951013.00 |
| 350000000 | Other Liabilities | RP-36 | 568802.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-29 | 1396.00 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 157165.00 |
| 350000000 | Other Liabilities | RP-36 | 361841.00 |
| 410000000 | Fixed Assets | RP-38 | 4117.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 29047762.00 |
| 460000000 | Loans, Advances and Deposits | RP-47 | 15000.00 |
| | Grand total | | 109038201.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3148396.00 |
| 220000000 | Administrative Expenses | RP-12 | 1169832.00 |
| 230000000 | Operations & Maintenance | RP-13 | 1833252.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 6783955.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 18891547.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 3328421.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 819931.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 276790.00 |

| | | | |
|---|---|---|---|
| | | | |
| 255000000 | Maintenance Projects | RP-20 | 7574241.00 |
| 280000000 | Prior Period item | RP-26 | -17346.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 853993.00 |
| 350000000 | Other Liabilities | RP-36 | 11648888.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 5414.00 |
| 280000000 | Prior Period Item | RP-26 | -70270.00 |
| 330000000 | Secured Loans | RP-32 | 776528.00 |
| 340000000 | Deposits Received | RP-34 | 120596.00 |
| 350000000 | Other Liabilities | RP-36 | 3320256.00 |
| 410000000 | Fixed Assets | RP-38 | 3008792.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 24067240.00 |
| 460000000 | Loans, Advances and Deposits | RP-47 | 1435388.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 20039727.00 |
| Cash | Cash | RP-40(b) | 22630.00 |
| | Grand Total | | 109038201.00 |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Thripangottoor Grama Panchayat INCOME & EXPENDITURE STATEMENT

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 6119697.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 462804.00 |
| 140000000 | Fee & User Charges | I-4(b) | 1130343.00 |
| 150000000 | Sale & Hire Charges | I-5(b) | 123505.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 164504084.00 |
| 170000000 | Income from Investments | I-7 | 131486.00 |
| 171000000 | Interest Earned | I-8 | 323266.00 |
| | Total Income | | 172795185.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 13745063.00 |
| 220000000 | Administrative Expenses | I-11(b) | 1169832.00 |
| 230000000 | Operations & Maintenance | I-12(b) | 1833252.00 |
| 240000000 | Interest & Finance Charges | I-13 | 5414.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6883905.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 59104120.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3614197.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 819931.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 67466690.00 |
| 255000000 | Maintenance Projects | I-14(e) | 7574241.00 |
| 270000000 | Provisions and Write off | I-16 | 160435.00 |
| 272000000 | Depreciation | I-17(a) | 7820483.00 |
| | Total Expenditure | | 170197563.00 |
| | Gross Surplus/ Deficit of income over Expenditure | | 2597622.00 |
| 280000000 | Prior Period Item | I-18 | -4392793.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 6990415.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-3-3

## ബാലൻസ് ഷീറ്റ്

Thripangottoor Grama Panchayat BALANCE SHEET
For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 26654380.70 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 14914.00 |

| | | | |
|---|---|---|---|
| 312000000 | Reserves | B-3 | 40243436.00 |
| | Total Reserve & Surplus | | 66912730.70 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9347589.00 |
| | Total Grants, Contributions for Specific Purposes | | 9347589.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 4684779.00 |
| | Total Loans | | 4684779.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1648216.00 |
| 350000000 | Other Liabilities | B-9 | 1799917.30 |
| | Total Current Liabilities and Provisions | | 3448133.30 |
| | TOTAL LIABILITIES | | 84393232.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 89613929.00 |
| 411000000 | Accumulated Depreciation | B-11 | -53902845.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 35711084.00 |
| | Investments | | |

| | | | |
|---|---|---|---|
| 420000000 | Investments-General Fund | B-12 | 2003212.00 |
| | Total Investments | | 2003212.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 24075353.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 20062357.00 |
| 460000000 | Loans, Advances and Deposits | B-18 | 2541226.00 |
| | Total Current Assets, Loans and Advances | | 46678936.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 84393232.00 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്